**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1429** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണയ നടപടി അനന്തമായി നീണ്ടു പോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; എല്ലാ വർഷവും ജൂലൈ 15 ന് നടക്കേണ്ട തസ്തിക നിർണയ നടപടികൾ അധ്യയന വർഷം അവസാനിക്കാറായിട്ടും പൂർത്തീകരിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെ ഉള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. സ.ഉ.(കൈ)102/2022/GEDN തീയതി 08.06.2022 പ്രകാരം പുതുക്കിയ ചട്ടഭേദഗതികൾ അനുസരിച്ചു നിയമനം നടത്തുന്നതിന് ഉള്ള കാലയളവിൽ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതിയിൽ മുതൽ നിയമിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പുതിയ തസ്തിക നിർണയം വഴി വരുന്ന ഒഴിവുകളിൽ ഈ അധ്യയന വർഷം നിയമന ശിപാർശ നൽകുമോ; പ്രതീക്ഷിത ഒഴിവുകളിൽ സർക്കാർ നിർദേശ പ്രകാരം നിയമിക്കപ്പെട്ട അധ്യാപകർക്ക് ഈ വർഷം തന്നെ നിയമന അംഗീകാരം നൽകുമോ; | (ബി) | അധിക തസ്തിക അനുവദിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച ചട്ട പ്രകാരമുള്ള തുടർ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതാണ് . |
| (സി) | തസ്തിക നിർണയം വഴി പുതുതായി ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിൽ നിലവിലെ സാമ്പത്തിക സ്ഥിതി തടസ്സമാകുമോയെന്ന് അറിയിക്കാമോ; | (സി) | അധിക തസ്തിക അനുവദിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച ചട്ട പ്രകാരമുള്ള തുടർ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതാണ് . |
| (ഡി) | വിവിധ ജില്ലകളിൽ നിന്ന് പൊതു വിദ്യ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ അധ്യാപക ഒഴിവുകളിലും പുതിയ തസ്തികകൾ അനുവദിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | അധിക തസ്തിക അനുവദിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച ചട്ട പ്രകാരമുള്ള തുടർ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ